# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2779 07.12.2018-ന് മറുപടിയ്ക്ക്

## പിന്നോക്ക വിഭാഗ കോർപ്പറേഷൻ മുഖേന നടത്തിയ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. ജെ. മാക്സി :** | **ശ്രീ. എ. കെ. ബാലൻ**<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| (എ) കഴിഞ്ഞ സർക്കാർ കാലയളവിൽ പിന്നോക്ക വിഭാഗ കോർപ്പറേഷൻ മുഖേന നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും എത്ര തുക ചെലവാക്കി എന്നും എത്ര പേർക്ക് സഹായം ലഭ്യമാക്കി എന്നും വ്യക്തമാക്കുമോ ; | (എ) സ്വയം തൊഴിൽ വായ്പ, വിദ്യാഭ്യാസ വായ്പ, വിവാഹ വായ്പ, വാഹന വായ്പ, വ്യക്തിഗത വായ്പ, സുവർണ്ണശ്രീ വായ്പ, മൈക്രോ ക്രെഡിറ്റ് വായ്പ, പ്രവർത്തന മൂലധന വായ്പ, ബിസിനസ്സ് ഡെവലപ്മെന്റ് വായ്പ തുടങ്ങിയ 17 -ഓളം വായ്പാ പദ്ധതികളിലായി കഴിഞ്ഞ സർക്കാർ കാലയളവിൽ 1,65,493 ഗുണഭോക്താക്കൾക്കായി 1148.27 കോടി രൂപ കോർപ്പറേഷൻ വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) ഈ സർക്കാർ കാലയളവിൽ പ്രസ്തുത കോർപ്പറേഷൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും ഓരോ വർഷവും ചെലവാക്കിയ തുക എത്രയെന്നും എത്ര പേർക്ക് സഹായം ലഭ്യമാക്കി എന്നും വ്യക്തമാക്കാമോ ; | (ബി) ഈ സർക്കാർ കാലയളവിൽ സ്വയം തൊഴിൽ വായ്പ, വിദ്യാഭ്യാസ വായ്പ, വിവാഹ വായ്പ, വാഹന വായ്പ, വ്യക്തിഗത വായ്പ, സുവർണ്ണശ്രീ വായ്പ, മൈക്രോ ക്രെഡിറ്റ് വായ്പ, പ്രവർത്തന മൂലധന വായ്പ, ബിസിനസ്സ് ഡെവലപ്മെന്റ് വായ്പ തുടങ്ങിയ വായ്പാ പദ്ധതികൾക്ക് പുറമേ താഴെ പറയുന്ന വായ്പാ പദ്ധതികൾ കൂടി പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>1 വിദേശത്ത് നിന്ന് മടങ്ങിയെത്തുന്നവർക്കായിട്ടുള്ള പ്രവാസി പുനരധിവാസ വായ്പ<br>2 പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട് അപ് സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സ്റ്റാർട്ട് അപ് വായ്പ<br>3 ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിനായുള്ള എന്റെ വീട് വായ്പ |

(....2)

ഈ സർക്കാർ കാലയളവിൽ 2018 നവംബർ 30 വരെയുള്ള കണക്കുകൾ പ്രകാരമുള്ള വായ്പയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | തുക (കോടിയിൽ) | ഗുണഭോക്താക്കൾ |
|---|---|---|
| 2016-17 | 316.93 | 37766 |
| 2017-18 | 402.86 | 45757 |
| 2018-19 (നവംബർ 30 വരെ) | 266.74 | 19368 |
| ആകെ | 986.53 | 102891 |

(സി) പ്രസ്തുത കോർപ്പറേഷൻ വഴി കൊച്ചി നിയോജക മണ്ഡലത്തിൽ എത്ര പേർക്ക് ഈ സർക്കാർ കാലയളവിൽ സഹായം ലഭ്യമാക്കി എന്ന് വ്യക്തമാക്കാമോ ;

(സി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം 2018 നവംബർ 30 വരെയുള്ള കണക്കുകൾ പ്രകാരം കൊച്ചി നിയോജക മണ്ഡല ത്തിലെ 2554 ഗുണഭോക്താക്കൾക്കായി 12.26 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത കോർപ്പറേഷൻ സ്ത്രീ ശാക്തീകരണത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം എന്നും സ്ത്രീ ശാക്തീകരണത്തിനായി എറണാകുളം ജില്ലയിലും കൊച്ചി നിയോജക മണ്ഡലത്തിലും നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാം എന്നും വ്യക്തമാക്കാമോ ?

(ഡി) സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ടുകൊണ്ട് സ്ത്രീകളുടെ ഗ്രൂപ്പുകൾക്കായി മാത്രം നൽകുന്ന മഹിളാ സമൃദ്ധ യോജന, സ്ത്രീകൾ ഉൾപ്പെടെയുള്ളവർക്ക് നൽകുന്ന മൈക്രോ ക്രെഡിറ്റ് വായ്പാ, വനിതകൾക്കായുള്ള വ്യക്തിഗത വായ്പയായ "നൃസ്വർണ്ണിമ" എന്നീ വായ്പാ പദ്ധതികൾ കോർപ്പറേഷൻ നടപ്പിലാക്കി വരുന്നു. ഇതിൽ മൈക്രോ ക്രെഡിറ്റ് / മഹിളാ സമൃദ്ധി യോജന വായ്പ കുടുംബശ്രീ സി.ഡി.എസ്-കൾ മുഖേനയും തിരഞ്ഞെടുക്കപ്പെട്ട സന്നദ്ധ സംഘടനകൾ മുഖേനയും നടപ്പിലാക്കുന്നു. ടി പദ്ധതിയിലൂടെ ഒരു ഗുണഭോക്താവിന് 60,000/- രൂപ വരെ 3% മുതൽ 5% വരെയുള്ള പലിശ നിരക്കിൽ ലഭിക്കുന്നു. വ്യക്തിഗത വായ്പയായ നൃസ്വർണ്ണിമ പദ്ധതി പ്രകാരം 1 ലക്ഷം രൂപ വരെ 5% പലിശ നിരക്കിൽ ലഭിക്കുന്നു.

ഈ കാലയളവിൽ മൈക്രോ ക്രെഡിറ്റ് വായ്പാ / നൃസ്വർണ്ണിമ എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി എറണാകുളം ജില്ലയിൽ 15.41 കോടി രൂപ 6465 ഗുണഭോക്താക്കൾക്കായി വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ 2254 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത 3.02 കോടി രൂപ കൊച്ചി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്നതാണ്.

സെക്ഷൻ ഓഫീസർ